ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.10.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ഇന്ത്യ-EFTA പ്രോസ്പെരിറ്റി ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനും ഇന്ന് അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi and Swiss President Guy Parmelin will address the India-EFTA Prosperity Summit today.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും ഇന്ന് വിപുലമായ പരിപാടികൾ.

   **Various programs are being held across the country today to mark Prime Minister Narendra Modi completing 25 years of continuous leadership as head of government**

3. പണനയസമിതി യോഗത്തിലെ തീരുമാനങ്ങൾ ഇന്ന് - റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര പ്രഖ്യാപിക്കും.

   **Reserve Bank Governor Sanjay Malhotra will announce the decisions of the Monetary Policy Committee meeting today.**

4. പുതിയ ഗ്രാമീണ തൊഴിലുറപ്പ് നിയമമായ 'വിബി-ജി റാം ജി' നിയമത്തിന് കീഴിൽ അനുവദനീയമായ പ്രവൃത്തികളുടെ പട്ടിക കേന്ദ്ര സർക്കാർ പുറത്തിറക്കി.

The Central Government has released the list of permissible works under the new rural employment guarantee scheme, 'Vibi-G Ram Ji'.

5. ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി -കെഎസ്ആർടിസിയുടെ കാർഗോ സർവ്വീസിന് ഇന്ന് തുടക്കമാകും.

KSRTC's cargo service will launch today as part of efforts to boost non-ticket revenue.

6. വെസ്റ്റ് ഇൻഡീസിനെതിരായ ട്വന്റി -20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് ജയം. അന്താരാഷ്ട്ര കരിയറിലെ അവസാന മത്സരത്തിലും ഗോൾ നേടി ലയണൽ മെസി.

India won the first match of the T20 series against the West Indies. Lionel Messi scored a goal in the final match of his international career.

## 2nd India-EFTA Prosperity Summit

2025 ഒക്ടോബർ 1-ന് പ്രാബല്യത്തിൽ വന്ന ഇന്ത്യ- EFTA വ്യാപാര-സാമ്പത്തിക പങ്കാളിത്ത കരാറിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന രണ്ടാമത് ഇന്ത്യ-EFTA പ്രോസ്പെരിറ്റി ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനും ഇന്ന് അഭിസംബോധന ചെയ്യും. ഇന്ത്യയിലെയും EFTA അംഗരാജ്യങ്ങളായ സ്വിറ്റ്സർലൻഡ്, നോർവേ, ഐസ്‌ലാൻഡ്, ലിച്ചെൻസ്റ്റൈൻ എന്നിവിടങ്ങളിലെയും മുതിർന്ന സർക്കാർ പ്രതിനിധികളും വ്യവസായ പ്രമുഖരും ഉച്ചകോടിയിൽ പങ്കെടുക്കും. “100 ബില്യൺ ഡോളറിന്റെ നിക്ഷേപ പങ്കാളിത്തം, ഇന്ത്യയിൽ 10 ലക്ഷം തൊഴിലവസരങ്ങൾ” എന്ന പ്രമേയത്തിലൂന്നിയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

## Swiss President

സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനുമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവ ഇരുവരും അവലോകനം ചെയ്തു. ഉഭയകക്ഷി നിക്ഷേപ കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ തുടരാനും തീരുമാനമായി.

## BJP-PM FUNCTION

പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതു സേവന രംഗത്ത് ഇന്ന് 25 വർഷം പൂർത്തിയാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികളാണ് ബിജെപിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നത്. ശ്രീ മോദിയും ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിനും ഇന്ന് 'വികസിത് ഭാരത് സങ്കൽപ്പ് സഭ'യെ അഭിസംബോധന ചെയ്യും. ഉത്തർപ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുതിർന്ന പാർട്ടി നേതാക്കളും വെർച്വലായി പരിപാടിയിൽ പങ്കെടുക്കും. കേരളത്തിൽ 30 കേന്ദ്രങ്ങളിൽ ബിജെപിയുടെ നേതൃത്വത്തിൽ സേവ ജ്യോതി യാത്ര നടത്തും. ഇതോടൊപ്പം ബൈക്ക് റാലിയും പൊതു സമ്മേളനവും സംഘടിപ്പിക്കുന്നുണ്ട്.

## CABINET - RESOLUTION(INTRO)

പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ചുകൊണ്ടുള്ള പ്രമേയവും കേന്ദ്ര മന്ത്രിസഭ പാസാക്കി. 2001 ഒക്ടോബർ 7-നാണ് ഗുജറാത്ത് മുഖ്യമന്ത്രിയായി അദ്ദേഹം ചുമതലയേറ്റത്. പ്രധാനമന്ത്രിയുടെ 25 വർഷത്തെ ഭരണകാലം ഇന്ത്യൻ ജനാധിപത്യത്തിന്റെ കരുത്തിന്റെ തെളിവാണെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. സാധാരണ കുടുംബത്തിൽ ജനിച്ച ഒരാൾ രാജ്യസേവനത്തിനായി സ്വയം സമർപ്പിക്കുന്നത് ജനാധിപത്യത്തിന്റെ ഊർജ്ജസ്വലതയുടെ വലിയൊരു ഉദാഹരണമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയിസ് )

## Sewa Sankalp

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ neem coated urea യെ കുറിച്ചാണ് ഇന്ന്. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന യൂറിയ 2015 സെപ്റ്റംബർ 1 മുതൽ വേപ്പ് പൂശിയ യൂറിയ അഥവാ neem coated urea ആക്കി മാറ്റാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. ഇതോടെ വിളവ് 17.5 ശതമാനം വരെ വർധിക്കുകയും 10,000 കോടി രൂപയോളം ലാഭം ലഭിക്കുകയും ചെയ്തു. യൂറിയയിൽ വേപ്പ് പൂശുന്നത് നിർബന്ധമാക്കിയതോടെ സബ്സിഡി നിരക്കിലുള്ള യൂറിയ വ്യവസായ ആവശ്യങ്ങൾക്കായി മാറ്റി ഉപയോഗിക്കുന്നത് കുറഞ്ഞു. മണ്ണിൻ്റെ ആരോഗ്യം മെച്ചപ്പെടുത്താനും ഇതിലൂടെ സാധിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## India Mobile Congress

സാർവത്രികവും സുസ്ഥിരവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗമായി സാങ്കേതികവിദ്യയെ ഉപയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കുന്ന 'ഇന്ത്യ മൊബൈൽ കോൺഗ്രസി'ന് മുന്നോടിയായി, 'സേവ തീർത്ഥി'ൽ 'ഗ്ലോബൽ സിസ്റ്റം ഫോർ മൊബൈൽ കമ്മ്യൂണിക്കേഷൻസ് അസോസിയേഷൻ' ബോർഡ് അംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യ മൊബൈൽ കോൺഗ്രസ് ഈ മാസം 10 ന് സമാപിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## GOVT-VB RAM G SCHEDULE

പുതിയ ഗ്രാമീണ തൊഴിലുറപ്പ് നിയമമായ 'വിബി-ജി റാം ജി' 2025 ന് കീഴിൽ അനുവദനീയമായ 375 പ്രവൃത്തികളുടെ പട്ടിക കേന്ദ്ര സർക്കാർ പുറത്തിറക്കി. മുൻപുണ്ടായിരുന്ന 266 പ്രവൃത്തികളെ അപേക്ഷിച്ച് 41 ശതമാനം വർദ്ധനയാണിതെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ജലസുരക്ഷ, ഗ്രാമീണ അടിസ്ഥാന

സൗകര്യങ്ങൾ, ഉപജീവനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, തീവ്ര കാലാവസ്ഥാ സാഹചര്യങ്ങളെയും ദുരന്തനിവാരണത്തെയും നേരിടാനുള്ള പ്രത്യേക പ്രവൃത്തികൾ എന്നിങ്ങനെ നാല് പ്രധാന വിഭാഗങ്ങളിലായാണ് പ്രവൃത്തികൾ ക്രമീകരിച്ചിരിക്കുന്നത്.

## ELECTION COMMISSION

ഇന്നലെ വൈകീട്ട് നാലുമണിവരെ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഭാഗത്ത്നിന്നും കൂടിക്കാഴ്ചയ്ക്ക് അപേക്ഷ ലഭിച്ചിരുന്നില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. പ്രതിപക്ഷ കക്ഷികളുടെ ഇന്നലത്തെ പ്രതിഷേധ പരിപാടിയുടെ പശ്ചാത്തലത്തിലാണ് കമ്മീഷന്റെ വിശദീകരണം. ഒരു രാഷ്ട്രീയ പാർട്ടിയുടെയോ സംയുക്ത പ്രതിനിധി സംഘമോ കമ്മിഷനെ കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഔദ്യോഗിക പ്രതിനിധി മുഖേന സമയം അഭ്യർത്ഥിക്കുകയാണ് പതിവ്. ഇരുവിഭാഗവും സമ്മതിക്കുന്ന സമയത്താണ് കൂടിക്കാഴ്ച നടക്കാറുള്ളതെന്നും കമ്മീഷൻ അറിയിച്ചു. എം.പിമാരിൽ നിന്ന് നിവേദനം സ്വീകരിക്കുന്നതിനായി ഡ്യൂട്ടിയിലുള്ള ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനെ ഇന്നലത്തെ യോഗ സ്ഥലത്തേക്ക് അയയ്ക്കാമെന്ന് നിർദേശിച്ചെങ്കിലും ഈ നിർദേശം എംപിമാർ നിരസിച്ചതായും കമ്മിഷൻ വ്യക്തമാക്കി.

## RBI

റിസർവ് ബാങ്കിന്റെ ഒക്ടോബറിലെ പണനയ പ്രഖ്യാപനം ഇന്ന്. തിങ്കളാഴ്ച ആരംഭിച്ച പണനയസമിതി യോഗത്തിലെ തീരുമാനങ്ങൾ ഇന്ന് രാവിലെ പത്തിന് ഗവർണർ സഞ്ജയ് മൽഹോത്ര പ്രഖ്യാപിക്കും. പണപ്പെരുപ്പം ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകുന്ന വായ്പയുടെ പലിശയായ റിപ്പോ നിരക്കിൽ കാൽശതമാനംവരെ വർധനവരുത്താനുള്ള സാധ്യതയാണ് സാമ്പത്തികവിദഗ്ധർ പ്രവചിക്കുന്നത്.

## WORLD BANK

വ്യവസായ-സേവന മേഖലകൾ ശക്തമായി തുടരുന്നതായും നടപ്പുസാമ്പത്തികവർഷം ഇന്ത്യയുടെ വളർച്ച 7.1 ശത

മാനത്തിലേക്കെത്തുമെന്നും ലോക ബാങ്കിന്റെ അനുമാനം. നേരത്തേ 6.6 ശതമാനം കണക്കാക്കിയ സ്ഥാനത്താണിത്. 2028 സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച 7.2 ശതമാ നമാകുമെന്നും റിപ്പോർട്ട് കണക്കാക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## KSRTC (INTRO)

കെഎസ്ആർടിസിയുടെ കാർഗോ സർവ്വീസിന് ഇന്നു തുടക്കമാകും. കൂടുതൽ വിവരങ്ങളുമായി **തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

## HEALTH CENTER

സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി, തിരുവനന്തപുരം ജില്ലയിൽ 16 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെയും ഒരു അർബൻ ആരോഗ്യ കേന്ദ്രത്തിൻറെയും നിർമാണോദ്ഘാടനം ഇന്ന് നടക്കും. പെരിങ്ങമല കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി കെ. മുരളീധരൻ നിർമാണ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## KOZHIKODE (INTRO)/

നയതന്ത്രജ്ഞനും മുൻ പ്രതിരോധ മന്ത്രിയുമായിരുന്ന വി.കെ. കൃഷ്ണമേനോൻ്റെ സ്മരണ നിലനിർത്തുന്ന കോഴിക്കോട് ഈസ്റ്റ്ഹില്ലിലെ വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിൻ്റെയും, കേരളത്തിൻ്റെ കലാചരിത്രം വെളിവാക്കുന്ന ആർട്ട് ഗ്യാലറിയുടെയും രണ്ടാം ഘട്ട പ്രദർശന സജ്ജികരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു......**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET- IND VS WI

ഇന്ത്യ–-വെസ്റ്റ് ഇൻഡീസ് ട്വന്റി -20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് എട്ട് വിക്കറ്റ് വിജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം

ബാറ്റിങ്ങിനിറങ്ങിയ വെസ്റ്റ് ഇൻഡീസ് 171 റൺസിന് എല്ലാവരും പുറത്തായി. ഇന്ത്യക്കായി നമൻ ധീർ മൂന്ന് വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 14.4 ഓവറിൽ രണ്ട് വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ലക്ഷ്യം കണ്ടു. 43 പന്തിൽ പുറത്താകാതെ 102 റൺസ് നേടിയ ശ്രേയസ് അയ്യരുടെ തകർപ്പൻ സെഞ്ചുറിയാണ് ഇന്ത്യക്ക് വിജയം എളുപ്പമാക്കിയത്.

## Lionel messi

അർജന്റീന ജഴ്സിയിൽ അവസാന മത്സരത്തിനിറങ്ങി ലിയോണൽ മെസി. ബ്യൂണസ് അയേഴ്സിലെ മോണുമെന്റൽ സ്റ്റേഡിയത്തിൽ ആഫ്രിക്കൻ ടീമായ ബെനിനായിരുന്നു എതിരാളികൾ. മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളിന് അർജെന്റീന ജയം സ്വന്തമാക്കി. വിടവാങ്ങൽ മത്സരത്തിൽ മെസി ഒരു ഗോൾ നേടി. 21 വർഷം നീണ്ട ഫുട്ബോൾ കരിയറിലെ 208-ാം മത്സരത്തോടെയാണ് ഇതിഹാസ താരം വിടവാങ്ങുന്നത്.